**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 193**

**07.07.2015 - ൽ മറുപടിക്ക്.**

## ഭക്ഷ്യ സംസ്കരണ വ്യവസായം

ചോദ്യം

ശ്രീ. സി. മമ്മൂട്ടി
,, കെ.എം. ഷാജി
,, പി.കെ. ബഷീർ
,, സി. മോയിൻ കുട്ടി

**മറുപടി**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭക്ഷ്യ സംസ്കരണ വ്യവസായം വ്യാപകമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(എ) : കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം രൂപീകരിച്ച ദേശീയ ഭക്ഷ്യ സംസ്കരണ മിഷൻ അനുസരിച്ച് സംസ്ഥാനത്ത് സംസ്ഥാന ഭക്ഷ്യ സംസ്കരണ മിഷൻ ഏപ്രിൽ 2012-ൽ നിലവിൽ വന്നു. സംസ്ഥാന ഭക്ഷ്യ സംസ്കരണ മിഷന്റെ നോഡൽ ഏജൻസി കിൻഫ്രയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സമുദ്രോത്പന്ന മേഖലയിലെ ഭക്ഷ്യ സംസ്കരണ വ്യവസായം വിപുലീകരണത്തിനായി കെ.എസ്.ഐ.ഡി.സി-യുടെ ആഭിമുഖ്യത്തിൽ ആലപ്പുഴ ജില്ലയിലെ പള്ളിപ്പുറത്തും കിൻഫ്രയുടെ ആഭിമുഖ്യത്തിൽ പാലക്കാട്ടും ഓരോ മെഗാഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ മെഗാഫുഡ് പാർക്ക് പദ്ധതിയിൽപ്പെടുത്തി തത്ത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ അന്തിമ അനുമതി ലഭിക്കുന്നതിനു വേണ്ടിയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ഭക്ഷ്യ സംസ്കരണ വ്യവസായം വ്യാപകമാക്കുന്നതിന് സംരംഭകത്വ ബോധവൽക്കരണ പരിപാടികളും സ്കിൽ

ഡവലപ്പ്മെന്റ് പരിപാടികളും ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

| | | |
|---|---|---|
| (ബി) സംസ്ഥാനത്തിന്റെ തനത് വിഭവങ്ങളായ നാളീകേരം, ചക്ക, മാങ്ങ, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവ മൂല്യ വർദ്ധിത ഉല്പന്നങ്ങളാക്കി വിപണനം നടത്തുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് നൽകുന്ന സഹായങ്ങളും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (ബി) : | ഏലം, കുരുമുളക്, കാപ്പി, തേയില, നാളീകേരം സമുദ്രോത്പന്നങ്ങൾ, ശുദ്ധജല മത്സ്യ വിഭവങ്ങൾ, ക്ഷീരം മുതലായ ഉത്പന്നങ്ങളുടെ സംസ്കരണവും വിപണനവും സർക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ട്. PMEGP പദ്ധതി പ്രകാരം ഭക്ഷ്യ സംസ്കരണം ഉൾപ്പടെയുള്ള ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഗ്രാമീണ മേഖലയിൽ പദ്ധതി ചെലവിന്റെ പരമാവധി 35% വരെയും നഗര പ്രദേശങ്ങളിൽ പദ്ധതി ചെലവിന്റെ പരമാവധി 25% വരെയും സബ്സിഡിയായി നൽകി വരുന്നു. ഉൽപാദന മേഖലയുമായി ബന്ധപ്പെട്ട പരമാവധി പദ്ധതി ചെലവ് 25 ലക്ഷം രൂപയാണ്. സംരംഭകത്വ സഹായ പദ്ധതി പ്രകാരം നാളീകേരം, ചക്ക, മാങ്ങ, പപ്പായ തുടങ്ങിയ ഭക്ഷ്യ സംസ്കരണ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകി വരുന്നു. മേൽപ്പറഞ്ഞ വിഭവങ്ങൾ വിപണനം നടത്തുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് നൽകുന്ന സഹായങ്ങളും ആനുകൂല്യങ്ങളും സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ഈ മേഖലയ്ക്ക് സാങ്കേതിക സഹായം നൽകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം സംബന്ധിച്ച് വിശദമാക്കുമോ ? | (സി) : | കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകരിച്ചിട്ടുള്ള ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും പുതിയ സാങ്കേതിക വിദ്യ സ്വായത്തമാക്കി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകൾക്ക് അടിസ്ഥാന മൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാങ്കേതിക സഹായം സംരംഭകത്വ സഹായ പദ്ധതിയിലൂടെ നൽകിവരുന്നു. |

സംരംഭകത്വ സഹായ പദ്ധതി പ്രകാരം ഗവൺമെന്റ് അംഗീകൃത സാങ്കേതിക സ്ഥാപനത്തിൽ നിന്നും സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനും സഹായം നൽകുന്നുണ്ട്. ഭക്ഷ്യ സംസ്കരണ വ്യവസായത്തിന് ഗുണമേന്മ സർട്ടിഫിക്കറ്റായ HACCP സർട്ടിഫിക്കേഷൻ വിദഗ്ധ പരിശീലനം നേടിയവർ വഴി അർഹതയുള്ള യൂണിറ്റുകൾക്ക് കെ-ബിപ്പ് മുഖാന്തിരം നൽകിവരുന്നു.

വ്യവസായ സംരംഭകരുടെ ആവശ്യാനുസരണം കിൻഫ്ര മൈസൂറിലെ Centre for Food Technology and Research Institute (CFTRI) മായി വ്യവസായ സംരംഭകരെ ബന്ധപ്പെടുത്തി അവർക്ക് വേണ്ട സാങ്കേതിക സഹായം ലഭ്യമാക്കി കൊടുക്കാറുണ്ട്.

സെക്ഷൻ ഓഫീസർ.

# അനുബന്ധം -1

കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം നടപ്പിലാക്കുന്ന പദ്ധതിയിൽ ഭക്ഷ്യ സംസ്കരണ മേഖലയുമായി ബന്ധപ്പെട്ട് കിൻഫ്ര നടപ്പാക്കുന്ന വിവിധ പദ്ധതികളും ആനുകൂല്യങ്ങളും താഴെപ്പറയുന്നവയാണ്.

1. ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും അവയുടെ ആധുനീവത്കരണത്തിനും വികസനത്തിനും വേണ്ടിയുള്ള പദ്ധതി സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 50 ലക്ഷം രൂപ.

2. Cold Chain സംവിധാനങ്ങൾ (for non horticultural products) സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 7 കോടി രൂപ.

3. അറവുശാലകളുടെ ആധുനിക വത്കരണം - പരമാവധി ഗ്രാന്റ് - 15 കോടി രൂപ.

4. മാനവ വിഭവ ശേഷി വികസനത്തിനുള്ള പദ്ധതി

ഇതുമായി ബന്ധപ്പെട്ട് ഭക്ഷ്യ സാങ്കേതിക വിദ്യകളിൽ Degree/Diploma/Certificate കോഴ്സുകൾ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സംരംഭകന് ലഭിക്കുന്ന പരമാവധി ഗ്രാന്റ് - 100 ലക്ഷം രൂപ.

5.വ്യവസായ സംരംഭകത്വം വികസിപ്പിക്കുന്ന പദ്ധതി (Entrepreneurship DevelopmentProgramme) സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 3 ലക്ഷം രൂപ.

6. ഭക്ഷ്യ സംസ്കരണ പരിശീലന കേന്ദ്രം ; സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 20 ലക്ഷം രൂപ.

7. ഭക്ഷ്യ സംസ്കരണ മേഖലയിലെ പ്രോത്സാഹനങ്ങൾക്കായുള്ള പദ്ധതി - സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 4 ലക്ഷം രൂപ.

8. ഗ്രാമീണ മേഖലയിൽ പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ/കളക്ഷൻ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ - പരമാവധി 2.5 കോടി രൂപ.

9. ഇറച്ചിക്കടയുടെ (Meat shop) ആധുനികവത്കരണത്തിനായി സംരംഭകന് ലഭിക്കുന്ന പരമാവധി ഗ്രാന്റ് - 5 ലക്ഷം രൂപ.

10. Reefer വാനുകൾ - പരമാവധി - 50 ലക്ഷം രൂപ.

ഇതുപ്രകാരം സംസ്ഥാനത്ത് ഭക്ഷ്യ സംസ്കരണ വ്യവസായ മേഖലകളുടെ സമഗ്ര വികസനത്തിനും ഈ വ്യവസായം വ്യാപകമാക്കുന്നതിനും വേണ്ടി കിൻഫ്ര പ്രസ്തുത മിഷന്റെ കീഴിലുള്ള വിവിധ പദ്ധതികളെ കുറിച്ചുള്ള നിരവധി സെമിനാറുകളിൽ പങ്കെടുക്കുകയും വ്യവസായ സംരംഭകരെ ബോധവത്കരിക്കുകയും ചെയ്തിട്ടുണ്ട്.

കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ ദേശീയ ഭക്ഷ്യ സംസ്കരണ മിഷന്റെ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് സാമ്പത്തിക സഹായത്തിന്റെ കേന്ദ്ര വിഹിതം 75% വും സംസ്ഥാന വിഹിതം 25% വുമാണ്.

കേന്ദ്ര സർക്കാരിന്റെ Centrally sponsored scheme പുനർഘടന നടത്തിയതിനാൽ പ്രസ്തുത പദ്ധതിയിൽ കേന്ദ്ര സർക്കാരിന്റെ വിഹിതമായ 75% തുക സംസ്ഥാനങ്ങൾക്ക് നൽകുന്നത് ഏപ്രിൽ 2015 മുതൽ നിർത്തലാക്കിയിട്ടുണ്ട്. എന്നിരുന്നാലും സംസ്ഥാന സർക്കാരിന്റെ Entrepreneurship Support Scheme പ്രകാരം ഈ മേഖലയ്ക്കുള്ള incentive സംവിധാനം തുടരുന്നതാണ്. (ഓരോ പദ്ധതിക്കും പരമാവധി 30 ലക്ഷം രൂപ).

സെക്ഷൻ ഓഫീസർ